എസ്.സി./എസ്.ടിക്ക് മതിയായ പ്രാതിനിധ്യമില്ലെന്നുമാണ് ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ ഡയറക്ടറുടെ റിപ്പോർട്ടിൽ കാണുന്നത്. അതിന് ഒന്നാമതായി പറയുന്ന ന്യായീകരണം, പട്ടികജാതിക്കാർക്ക് കാര്യക്ഷമതയില്ല, എക്സ്പീരിയൻസ് ഇല്ലെന്നാണ്. രണ്ടാമതായി പറയുന്നത് നഷ്ടത്തിലാണെന്നാണ്. പട്ടികജാതിക്കാരുടെ പ്രാതിനിധ്യമില്ലാതെ മറ്റുള്ളയാളുകൾ ഇത് നടത്തിയിട്ടും നഷ്ടത്തിലോടിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ നഷ്ടം ചൂണ്ടിക്കാണിച്ചുകൊണ്ട് പട്ടികജാതിക്കാരന് അവകാശം കൊടുക്കാതിരിക്കുകയാണ്. അതുകൊണ്ട് നഷ്ടമായാലും ഇല്ലെങ്കിലും പട്ടികജാതിക്കാരന് അർഹതപ്പെട്ട പത്തുശതമാനം സംവരണം എല്ലാ കാറ്റഗറിയിലും കൊടുക്കാൻ ഗവൺമെന്റ് അടിയന്തിരമായി നടപടി എടുക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതിനാവശ്യമായ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണു്. പലപ്പോഴും ചീഫ് എക്സിക്യൂട്ടീവ് വരേണ്ട രംഗങ്ങളിലെല്ലാം ആളുകളെ കിട്ടാനില്ല.

മി. സ്പീക്കർ : ലാഭവും നഷ്ടവും നോക്കിയിട്ടാണോ ഇത് തീരുമാനിക്കുന്നത്. ഉണ്ടെങ്കിൽ അത് പാടില്ല.

ശ്രീമതി സുശീലാഗോപാലൻ : ഒരിക്കലും അങ്ങനെ ഇല്ല. ആ കാര്യങ്ങൾ പരിശോധിച്ച് എവിടെയാണു കുറവുള്ളതെന്ന് നോക്കി ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. കുറവുകൾ നികത്തും. ചീഫ് എക്സിക്യൂട്ടീവിന്റെ സ്ഥാനത്ത് ആവശ്യമായ ആളുകളെ കിട്ടാൻ പരിശ്രമിക്കും. അത് കിട്ടുന്നതനുസരിച്ചേ നിയമിക്കാൻ പറ്റുകയുള്ളൂ.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

4 (*120) റവന്യൂ കാർഡ് വിതരണം

ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ കാർഡ് വിതരണം നടത്തുന്നതിന് വേണ്ടിയുള്ള എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ കാർഡ് സംവിധാനം ഏത് ജില്ലയിലാണ് ആദ്യമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ആദ്യപടിയായി എത്രലക്ഷം കുടുംബങ്ങൾക്ക് റവന്യൂ കാർഡ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) റവന്യൂ കാർഡിന്റെ വിതരണം സംസ്ഥാനത്ത് എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഒരു കുടുംബത്തെ സംബന്ധിച്ചുള്ള എന്തൊക്കെ വിവരങ്ങളാണ് കാർഡിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) ഓരോ കുടുംബത്തെ സംബന്ധിച്ച് കാലാകാലങ്ങളിൽ ഉണ്ടാകാവുന്ന മാറ്റങ്ങൾ രേഖപ്പെടുത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുന്നുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വെളിപ്പെടുത്തുമോ;

(ജി) റവന്യൂ കാർഡ് തയ്യാറാക്കാനും വിതരണം ചെയ്യാനുമുള്ള നടപടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ)&(ബി) 1999 ലെ കേരള റവന്യൂ കാർഡ് ആക്ടിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ റവന്യൂ കാർഡ് ചട്ടങ്ങൾ നിലവിൽ വന്നുകഴിഞ്ഞു. റവന്യൂകാർഡ് വിതരണത്തിന്റെ ആദ്യഘട്ടമായി എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ റവന്യൂ കാർഡ് വിതരണത്തിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ആദ്യപടിയായി പറവൂർ താലൂക്കിലെ ഉദ്ദേശം 87,000 കുടുംബങ്ങൾക്കാണ് റവന്യൂ കാർഡ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഒരു വർഷത്തിനകം സംസ്ഥാനത്ത് റവന്യൂ കാർഡ് വിതരണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) കുടുംബനാഥന്റെയും മറ്റംഗങ്ങളുടെയും പേര്, വയസ്സ്, ജാതി, മതം, തൊഴിൽ, വരുമാനം, ഓരോരുത്തരുടെയും കൈവശത്തിലുള്ള വസ്തുക്കെട്ടിടങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിനു ലഭിക്കുന്ന ആനുകൂല്യങ്ങൾ, ബാദ്ധ്യതകൾ എന്നീ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(എഫ്)ഉണ്ട്, റവന്യൂകാർഡ് ചട്ടം എട്ടാം വകുപ്പുപ്രകാരം തഹസീൽദാർക്ക് അപേക്ഷ സമർപ്പിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ വ്യവസ്ഥയുണ്ട്.

(ജി) റവന്യൂ കാർഡിന്റെ മാതൃക തയ്യാറാക്കിക്കഴിഞ്ഞു. റവന്യൂ കാർഡ് വിതരണത്തിന്റെ ആദ്യഘട്ടമായി പറവൂർ താലൂക്കിൽ, കുടുംബങ്ങളിൽനിന്ന് അപേക്ഷ സ്വീകരിക്കുകയും തുടർനടപടികൾ എടുത്തുവരികയും ചെയ്യുന്നു. ഇതിനായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നടപടിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

5 (*121) വ്യാവസായിക രംഗത്ത് പ്രവാസി മലയാളികളുടെ നിക്ഷേപം

ശ്രീ. എ.കെ. മണി :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. പി.ജെ ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ സമ്പാദ്യം സംസ്ഥാനത്ത് ഉല്പാദന മേഖലകളിൽ നിക്ഷേപിക്കുന്നതിന് സഹായകമായ എന്തെല്ലാം പദ്ധതികൾ സംസ്ഥാനഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly